# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

**ഫോൺ:** 0466 2212279 **ഇമെയിൽ:** kvkpalakkad@kau.in


# കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 24/2021** (ചൊവ്വാഴ്ച) **തീയ്യതി: 23.03.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 24.03.2021 | 25.03.2021 | 26.03.2021 | 27.03.2021 | 28.03.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 10 | 4 | 0 | 0 | 2 |
| ഉയർന്ന താപനില (°C) | 36 | 36 | 36 | 36 | 36 |
| കുറഞ്ഞ താപനില (°C) | 25 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 93 | 93 | 93 | 93 | 93 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 33 | 33 | 33 | 33 | 33 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 12 | 12 | 14 | 14 | 14 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 90 | 90 | 90 | 90 | 90 |
| മേഘവ്യാപ്തി (ഒക്ത) | 7 | 6 | 6 | 1 | 7 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരുന്ന ആഴ്ചയിൽ നേരിയ മഴയ്ക്ക് സാധ്യത. കൂടിയ താപനില 36°C വരെയും കുറഞ്ഞ താപനില 24°C വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: അന്തരീക്ഷ താപനില കൂടിവരുന്നതിനാൽ വിളകൾക്ക് സൂക്ഷ്മ ജലസേചന മാർഗ്ഗങ്ങളിലൂടെ ജലസേചനം നൽകുക. പുതയിടൽ പോലുള്ള വരൾച്ചാ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.

## കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| തെങ്ങ് | ജലസംരക്ഷണം | അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരി ഇട്ടു മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്നു മൂന്നു മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാല് കീറിയോ, ഓരോ തെങ്ങിന്റെ കടക്കു ചുറ്റും തടിയിൽ നിന്നും രണ്ടു മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരികൾ നിരത്തിയ ശേഷം മണ്ണിട്ട് മൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേക്ക് വരത്തക്ക വിധത്തിലാണ് ചകിരി അടുക്കേണ്ടത്. ഇതിനു മുകളിൽ മണ്ണിട്ട് മൂടണം. ഇതിന്റെ ഗുണം5-7 വർഷക്കാലം നിലനിൽക്കും. ചകിരിക്ക് പകരം ചകിരിച്ചോർ തെങ്ങ് ഒന്നിന് 25 കിലോഗ്രാം എന്ന തോതിൽഓരോ വർഷവും തടത്തിൽ ഇട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും. |
| മാവ് | ചീയൽ | ഞെട്ടറ്റം മുതൽ ചീഞ്ഞു വരുന്നത് തടയുന്നതിനായി കാർബെൻഡാസിം ലിറ്ററിന് 0.1 ഗ്രാം എന്ന തോതിൽ മാങ്ങകൾ പറിക്കുന്നതിന് 2 ആഴ്ച്ച മുമ്പ് തളിക്കുക . |
| വെള്ളരിവർഗ്ഗ വിളകൾ | ബാക്റ്റീരിയൽ വിൽറ്റ് രോഗം | വെള്ളരിവർഗ്ഗ വിളകളിൽ ബാക്റ്റീരിയൽ വിൽറ്റ് രോഗം കണ്ടുവരുന്നുണ്ട്. ഇതു തടയുന്നതിനായി രോഗം പരത്തുന്ന വണ്ടുകൾക്കെതിരെ തടത്തിൽ വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുക. കൂടാതെ, 20 ഗ്രാം പച്ചചാണകം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തെളിയെടുത്തു തളിച്ചു കൊടുക്കുക. രോഗം മൂർച്ഛിക്കുന്ന അവസ്ഥയിൽ സ്ട്രെപ്റ്റോസൈക്ലിൻ 3 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. |
| പയർ | വളപ്രയോഗം | റൈസോബിയം ചേർത്ത് നട്ടു 15 ദിവസമായ പയർചെടികളിൽ 20 ഗ്രാം യൂറിയ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ചു കൊടുക്കുന്നതു വിളകളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനു സഹായിക്കുന്നു. രാവിലെയോ വൈകുന്നേരങ്ങളിലോ തളിച്ച് കൊടുക്കാൻ ശ്രദ്ധിക്കണം. |